# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2960 13/07/2015-ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണം.**

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മത്സ്യത്തൊഴിലാളികൾക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികളിലായി ധനസഹായം നൽകി ;ധനസഹായം ലഭിച്ചത് ആർക്കെല്ലാം; പേരും വിലാസവും വിശദമാക്കി പട്ടിക ലഭ്യമാക്കുമോ; | (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ *542* മത്സ്യത്തൊഴിലാളികൾക്ക് വിവിധ ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ധനസഹായം നൽകിയിട്ടുണ്ട്. ധനസഹായം ലഭിച്ച ഗുണഭോക്താക്കളുടെ പട്ടിക 1 അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്. |
| (ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഭവന രഹിതരായ എത്ര മത്സ്യത്തൊഴിലാളികൾ ഉണ്ട് എന്നും, അവർ ആരെല്ലാം എന്നും പേര്, വിലാസം എന്നിവ വിശദമാക്കി പട്ടിക ലഭ്യമാക്കുമോ; | (ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിലെ ഭവന രഹിതരായ *396* മത്സ്യത്തൊഴിലാളികൾ ഫിഷറീസ് വകുപ്പിന്റെ ഭവന നിർമ്മാണ ധനസഹായത്തിനുള്ള അർഹതാലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. പട്ടിക 2 അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്. |
| (സി) ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്ന ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ; | (സി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധി സഹായത്തോടെയുള്ള ഭവന നിർമ്മാണ പദ്ധതി, സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2014-15), മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങളും ജീവിത നിലവാരവും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി എന്നീ ഭവന നിർമ്മാണ ധനസഹായ പദ്ധതികളാണ് നിലവിലുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | അമ്പലപ്പുഴ മണ്ഡലത്തിലെ ഭവന രഹിതരായ മത്സ്യത്തൊഴിലാളി കൾക്ക് ഭവന നിർമ്മാണത്തിന് ധന സഹായം അനുവദിക്കാൻ അടിയ ന്തിര നടപടി സ്വീകരിക്കുമോ; | (ഡി) | സംസ്ഥാനത്തെ ഭവന രഹിതരായ 4990 മത്സ്യത്തൊഴിലാളികൾക്കു കൂടി ഭവന നിർമ്മാണ ധനസഹായം നൽകുന്നതിന് 2015-16 സാമ്പത്തിക വർഷം 100 കോടി രൂപയുടെ പ്രോജക്ട് നടപ്പിലാക്കുന്നതാണ്. ടി പദ്ധതിയിൽ ആലപ്പുഴ ജില്ലയ്ക്ക് 800 വീടുകൾക്ക് ധനസഹായം അനുവദിക്കുന്നതാണ്. |
| (ഇ) | മത്സ്യത്തൊഴിലാളി ഭവന പദ്ധതി യിൽ ഗുണഭോക്താക്കളുടെ എത്ര ശതമാനമാണ് സർക്കാർ ക്വാട്ടയിൽ തെരഞ്ഞെടുക്കുന്നത്; സർക്കാർ ക്വാട്ടയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണ്; വിശദമാ ക്കാമോ ? | (ഇ) | ഓരോ ജില്ലയ്ക്കും അനുവദിക്കുന്ന യൂണിറ്റുകളുടെ 10 % ഗുണഭോക്താക്കളെ യാണ് സർക്കാർ ക്വാട്ടയിൽ തിരഞ്ഞെടുക്കു ന്നത്. സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് കൂടുതൽ ദുരിതം അനുഭവിക്കുന്നവരെയാണ് പ്രത്യേകമായി തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ആഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്